# ലഹരി വിരുദ്ധ സത്യവാങ്മൂലം

........................................................................................................................................കോളേജിലെ.....................................................

..............................ക്ലാസിൽ പഠിക്കുന്ന..........................................................................എന്ന ഞാൻ ബോധിപ്പിക്കുന്ന സത്യവാങ്മൂലം.

1. പുകയില/മയക്കുമരുന്ന് തുടങ്ങിയ യാതൊരു വിധ ലഹരി വസ്തുക്കളും ഞാൻ ഉപയോഗിക്കുകയോ ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട കുറ്റ കൃത്യങ്ങളിൽ ഏർപ്പെടുകയോ ചെയ്യുകയില്ല.

2. കോളേജിന് അകത്തുംപുറത്തും മദ്യം/പുകയില/ മയക്കുമരുന്നുകൾ, സൈക്കോ ആക്റ്റീവ് വസ്തുക്കൾ എന്നിവയുടെ ഉപയോഗം, കൈവശം വയ്ക്കൽ, വിതരണം, നിർമ്മാണം, എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ടെന്നും അപ്രകാരം ചെയ്യുന്നത് തെറ്റാണെന്നും ദോഷകരമാണെന്നും എനിക്ക് ബോധ്യമുണ്ട്. ഇതിന്റെ ലംഘനം സസ്പെൻഷൻ, പുറത്താക്കൽ തുടങ്ങിയ അച്ചടക്ക നടപടികൾക്ക് കാരണമാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു

3. കോളേജ് പരിസരത്തോ പുറത്തോ ഏതെങ്കിലും പ്രവർത്തനങ്ങൾക്കിടയിൽ മദ്യം/പുകയില/ഏതെങ്കിലും സൈക്കോ ആക്റ്റീവ് വസ്തുക്കൾ ഉപയോഗിക്കുന്നതിൽ നിന്നോ, അവയുടെ സ്വാധീനത്തിൽ ആയിരിക്കുന്നതിൽ നിന്നോ, വിൽക്കുന്നതിൽ നിന്നോ, വിൽക്കാൻ ഗൂഢാലോചന നടത്തുന്നതിൽ നിന്നോ, വിൽപ്പനയുടെയോ വിതരണ ത്തിന്റെയോ ശൃംഖലയിൽ ആയിരിക്കുന്നതിൽ നിന്നോ ഞാൻ വിട്ടുനിൽക്കും.

4. ഈ നയം പാലിക്കാൻ പ്രതിജ്ഞാബദ്ധനായ ഞാൻ ലഹരിയ്ക്കെതിരെ കോളേജ് നടത്തുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കും.

5. ലഹരിക്കെതിരെയുള്ള കൗൺസിലിംഗ്, ആരോഗ്യ സേവനങ്ങൾ എന്നിവയുൾപ്പെടെ ലഭ്യമായ പിന്തുണാ സേവനങ്ങളെക്കുറിച്ച് ഞാൻ ബോധവാനാണ്. ആവശ്യമെങ്കിൽ ഞാൻ അവയുടെ സഹായം തേടും.

6. ഒരു സ്ഥലത്തും ഒരു തരത്തിലും മയക്കുമരുന്ന് ഉപയോഗം, വ്യാപനം എന്നിവ ചെയ്യരുതെന്നും കോടതികൾ,കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, സ്ഥാപന അധികാരികൾ എന്നിവർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന നിയമങ്ങൾ ഞാൻ പാലിക്കും.

7. നല്ല ഒരു വിദ്യാർത്ഥിയും പൗരനുമാകാൻ എന്നെ പ്രാപ്തനാക്കുന്ന തരത്തിൽ സ്ഥാപനമോ/സർക്കാരോ സംഘടിപ്പിക്കുന്ന ഏതൊരു ലഹരി വിരുദ്ധ, വ്യാപന പ്രതിരോധ പരിപാടികളെയും ഞാൻ പിന്തുണയ്ക്കുകയും ആയവയിൽ സജീവമായി പങ്കെടുക്കുകയും ചെയ്യും.

8. മദ്യം/പുകയില/മയക്കുമരുന്നുകൾ/ഏതെങ്കിലും സൈക്കോ ആക്റ്റീവ് വസ്തുക്കൾ എന്നിവയുടെ കൈവശം വയ്ക്കൽ, ഉപയോഗം, വിൽപന, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് കോളേജിനകത്തോ പുറത്തോ വിദ്യാർത്ഥികളോ ഏതെങ്കിലും ഗ്രൂപ്പോ സംഘടനയോ നടത്തുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ബന്ധപ്പെട്ടവരെ ഞാൻ അറിയിക്കും.

മേൽപറയുന്ന പ്രസ്താവനകൾ ലംഘിക്കുന്നത് നിയമപ്രകാരം ശിക്ഷാർഹമാണെന്ന പൂർണമായ ബോദ്ധ്യത്തോടെയാണ് ഞാൻ ഈ സത്യവാങ്മൂലം സമർപ്പിക്കുന്നത്.

വിദ്യാർത്ഥിയുടെഒപ്പ് :

വിദ്യാർത്ഥിയുടെ പേര് :

സ്ഥലം : 　　　　രക്ഷാകർത്താവിന്റെ ഒപ്പ് :

തീയതി : 　　　　രക്ഷാകർത്താവിന്റെ പേര് :